LIBRARY ARCHIVES Kerala Legislative Assembly

II അനുശോചനം

തീവ്രവാദി ആക്രമണം

മി. ഡെപ്യൂട്ടി സ്പീക്കർ : പാകിസ്ഥാനിലെ പെഷവാറിൽ ഇന്നലെ (16-12-2014) ഉണ്ടായ തീവ്രവാദി ആക്രമണത്തിൽ നൂറിമുപ്പതിലധികം കുട്ടികൾ ഉൾപ്പെടെ അനേകം പേർക്ക് ജീവൻ നഷ്ടപ്പെട്ടു. മനുഷ്യ മനഃസാക്ഷിയെ നടുക്കിയ ഈ ഭീകരതയെ ഈ സഭ അപലപിക്കുന്നു. ഈ ഭീകര സംഭവത്തിൽ അനുശോചനം രേഖപ്പെടുത്താൻ നമുക്ക് ഒരു മിനിട്ട് എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ ഒരു മിനിട്ട് എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

III അടിയന്തരപ്രമേയം

സമ്പൂർണ്ണ മദ്യനിരോധന നയം

മി. ഡെപ്യൂട്ടി സ്പീക്കർ : അടച്ചിട്ട 418 ബാറുകൾക്ക് ബിയറും വൈനും വില്പന നടത്തുവാനുള്ള ലൈസൻസ് നൽകൽ, ഞായറാഴ്ചകളിലെ ഡ്രൈ ഡേ ഒഴിവാക്കൽ, മദ്യം വിളമ്പാൻ വ്യാപാരികൾക്ക് ലൈസൻസ് നൽകൽ, സൽക്കാരത്തിനായുള്ള പ്രതിദിന പെർമിറ്റ് തുടങ്ങിയ മുഖ്യമന്ത്രി പ്രഖ്യാപിച്ച പുതിയ തീരുമാനങ്ങളുടെ ഫലമായി സമ്പൂർണ്ണ മദ്യനിരോധനമെന്ന നയം അട്ടിമറിച്ച് സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം വ്യാപകമായി വർദ്ധിപ്പിക്കാനുള്ള നടപടികൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ എ. പ്രദീപ്കുമാർ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, നോട്ടീസിൽ ശ്രീ. എ. പ്രദീപ്കുമാർ ചൂണ്ടിക്കാണിച്ചതുപോലെ പുതുതായി ഒരു നയം ഇപ്പോൾ പ്രഖ്യാപിച്ചിട്ടില്ല. മന്ത്രിസഭയെ ചുമതലപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. മാത്രവുമല്ല ഈ നിയമസഭ തുടങ്ങിയ ദിവസം മുതൽ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അകത്തും പുറത്തും ആവർത്തിച്ച് പറഞ്ഞ ഒരു കാര്യം അടിസ്ഥാന നയങ്ങളിൽനിന്ന് യാതൊരുവിധ മാറ്റവും ഉണ്ടാവില്ല എന്നതാണ്. രണ്ടാമത്തെ കാര്യം ആഗസ്റ്റ് 21-ന്